**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 41** **13-10-2026-ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കെ. കെ. രാമചന്ദ്രൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രചാരണത്തിന്റെ യാഥാർത്ഥ്യം വ്യക്തമാക്കാമോ; ഇത്തരം പ്രചാരണങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങൾ പലതും നഷ്ടത്തിലാണ് എന്നത് പ്രചാരണം മാത്രമല്ല, പല സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് വസ്തുതയാണ്.

**(ബി)** 2025- 26 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ; 2025 വരെയുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വ്യവസായ വകുപ്പിന്റെ കീഴിലുള്ള പല പൊതുമേഖല സ്ഥാപനങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രവർത്തന ലാഭത്തിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാരിൽ നിന്നും ബാങ്കുകളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ചിട്ടുള്ള വായ്പകളുടെ പലിശ, പിഴപ്പലിശ, വൈദ്യുതി ചാർജ്ജ്, കുടിശ്ശിക, ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശിക, ശമ്പള കുടിശ്ശിക, ലീവ് സാലറി, സ്റ്റാറ്റ്യൂട്ടറി ബാധ്യതകളായ ഇ.പി.എഫ്, ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ തുടങ്ങിയവ പലപ്പോഴും കണക്കിൽപ്പെടുത്തിയിട്ടില്ല.

ഈ സാഹചര്യത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 31.03.2026 -ലെ യഥാർത്ഥ സാമ്പത്തിക സ്ഥിതി കണ്ടെത്തുന്നതിനുള്ള നടപടികൾ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബി.പി.ടി) മുഖേന നടന്നുവരികയാണ്.

2025- 26 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇതുവരെ ആറു പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമേ 2025-26 ലെ നിയമപരമായ ആഡിറ്റ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. 2024-25 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള 43 പൊതുമേഖല സ്ഥാപനങ്ങളിൽ (കശുവണ്ടി, കയർ ഒഴികെ) 33 പൊതുമേഖല സ്ഥാപനങ്ങളുടെ

സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. അവയിൽ 12 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു.

**(സി)** പൊതുമേഖലാ വ്യവസായങ്ങളുടെ പ്രവർത്തന സ്വയംഭരണത്തിനായി പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കൽ, ബി.പി.ടി. രൂപീകരണം, പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് എന്നിവയിലൂടെ കൊണ്ടുവന്ന ഭരണപരമായ സുതാര്യത നിലവിലെ സർക്കാർ തുടരുന്നില്ലെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന സ്വഭാവമനുസരിച്ച് നാല് കാറ്റഗറികളായി തിരിച്ച് ഓരോ സ്ഥാപനങ്ങളിലെയും പദ്ധതി നിർവ്വഹണം, ധനകാര്യ മാനേജ്മെന്റ്, മാനവ വിഭവശേഷി മാനേജ്മെന്റ്, പൊതുഭരണം, വാണിജ്യം, ആസ്തി മാനേജ്മെന്റ്, സാങ്കേതിക പങ്കാളിത്തം, അസംസ്കൃത വസ്തുക്കളുടെ സംഭരണം എന്നീ മേഖലകളിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ആണ് പോൾ ആന്റണി കമ്മിറ്റി പ്രധാനമായും മുന്നോട്ട് വെച്ചിട്ടുള്ളത്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് കമ്മിറ്റി മുന്നോട്ട് വെച്ച പ്രധാനപ്പെട്ട 28 ശുപാർശകളിൽ 14 ശുപാർശകൾ G.O.(Rt)No.87/2024/ID dated 31-01-2024 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള നിർദ്ദേശങ്ങളുടെ പ്രായോഗികത കൂടി കണക്കിലെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ് ഫോർമേഷൻ (ബി.പി.റ്റി), കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് എന്നിവയുടെ പ്രവർത്തന രീതിയിൽ മാറ്റം വരുത്തിയിട്ടില്ല.

**(ഡി)** കെൽട്രോൺ, കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങളുടെ തലപ്പത്ത് സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ചും ഡയറക്ടർ ബോർഡുകളിൽ സ്വതന്ത്ര അംഗങ്ങളെ ഉൾപ്പെടുത്തിയും ആരംഭിച്ച പ്രൊഫഷണൽവൽക്കരണ പ്രക്രിയയിൽ നിന്ന് പിന്മാറി ഭരണസമിതികളിൽ രാഷ്ട്രീയ ഇടപെടലുകൾ നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ചെയർമാൻമാരുടെ നിയമനം ഉൾപ്പെടെ ഡയറക്ടർ ബോർഡുകളുടെ പുനസംഘടനാ നടപടികൾ പുരോഗമിച്ചു വരികയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് വിദഗ്ധരെ ഉൾപ്പെടുത്തി ഡയറക്ടർ ബോർഡുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഇ)** മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പാക്കിയ ഏതെങ്കിലും പദ്ധതികൾക്ക് ദേശീയ -അന്തർദേശീയതല ശ്രദ്ധയും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

Department of Industries and Commerce

**PERFORMANCE OF PSUs (EXCLUDING PSUs UNDER COIR AND CASHEW SECTORS) DURING 2024-25**

| Sl. No | Company Name | April 2024 to March 2025 (Rs.Lakhs) based on Audited Statements | |
|---|---|---|---|
| | | Turnover (without GST) | Net Profit (PBT) |
| 1 | The Kerala Minerals and Metals Ltd | 1,05,418.61 | 6,403.71 |
| 2 | Travancore Titanium Products Ltd | 22,284.29 | 3,565.84 |
| 3 | Kerala State Electronics Development Corporation Ltd | 1,05,810.97 | 1,569.19 |
| 4 | Kerala State Industrial Enterprises Ltd | 7,487.66 | 786.67 |
| 5 | Transformers and Electricals Kerala Ltd | 20,244.00 | 737.00 |
| 6 | Keltron Electro Ceramics Ltd | 3,705.27 | 508.83 |
| 7 | Keltron Component Complex Ltd | 10,599.84 | 367.62 |
| 8 | Steel and Industrial Forgings Ltd | 7,624.05 | 143.88 |
| 9 | Steel Industrials Kerala Ltd | 7,696.12 | 127.86 |
| 10 | KCCP Ltd | 9,336.59 | 110.13 |
| 11 | Kerala Artisans' Development Corporation Ltd | 5,323.02 | 67.56 |
| 12 | Forest Industries (Travancore) Ltd | 1,002.00 | 61.66 |

Source : Company

Note : Out of 43 Operational PSUs under the Department of Industries and commerce, excluding Cashew and Coir, 33 PSUs have completed the Statutory Audit up to 2024-25 and 12 PSUs are in net profit

സെക്ഷൻ ഓഫീസർ

**മുൻസർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപന നടപ്പാക്കിയ പദ്ധതികൾക്ക് ലഭിച്ച് ദേശീയ -അന്തർദേശീയ അംഗീകാരങ്ങൾ/പുരസ്കാരങ്ങൾ**

| ക്രമ. നം. | കമ്പനിയുടെ പേര് | അംഗീകാരങ്ങൾ/പുരസ്കാരങ്ങൾ |
|---|---|---|
| 1 | കെൽട്രോൺ | • 2025-ലെ സുരക്ഷാ മാനേജ്മെന്റ് സംവിധാനത്തിലെ മികച്ച പ്രകടനത്തിന് (വലിയ വ്യവസായങ്ങളുടെ വിഭാഗത്തിൽ), നാഷണൽ സേഫ്റ്റി കൗൺസിലിന്റെ അഭിനന്ദൻ പത്ര - 2025 പുരസ്കാരം കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സ് (Keltron Equipment Complex) കരസ്ഥമാക്കി<br>• കെൽട്രോൺ സോഫ്റ്റ്‌വെയർ ടീം CMMI ലെവൽ 5 (CMMI Level 5) സർട്ടിഫിക്കേഷൻ കൈവരിച്ചു<br>• അരൂരിലെ കെൽട്രോൺ കൺട്രോൾസിലുള്ള എൻവയോൺമെന്റൽ ടെസ്റ്റ് ലാബിന് NABL അംഗീകാരം (Accreditation) ലഭിച്ചു.<br>• പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതികൾക്ക് ശേഷം 2025-ൽ ചില നിർദ്ദിഷ്ട അണ്ടർവാട്ടർ ഇലക്ട്രോണിക്സ് സിസ്റ്റങ്ങൾ വിയറ്റ്നാമിലേക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ കെൽട്രോൺ ആരംഭിച്ചു ഇതിലൂടെ കെൽട്രോണിന് അന്തർദേശീയ തലത്തിൽ ശ്രദ്ധ നേടാൻ കഴിഞ്ഞിട്ടുണ്ട് ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>1. 336 അൾട്രാസോണിക് ട്രാൻസ്ഡ്യൂസർ എലമെന്റുകൾ (Ultrasonic Transducer Elements) കയറ്റുമതി ചെയ്തു.<br>2. പാസീവ് അണ്ടർവാട്ടർ സർവൈലൻസ് സിസ്റ്റത്തിനായുള്ള (Passive Underwater Surveillance System) അനുമതി ലഭിച്ചു. |
| 2 | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിൽ (HAL) നിന്നും ഫോർജിംഗ് മേഖലയിലെ എസ്ഐഎഫ്എല്ലിന്റെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ 2021-22 ൽ Best Performing Business Partner അവാർഡ് SIFL ന് ലഭിച്ചു. കൂടാതെ |

| | | |
|---|---|---|
| | | ഹെലികോപ്റ്ററിന്റെ അതിസങ്കീർണമായ ഫോർജിങ്സുകൾ തദ്ദേശിയ മായി വികസിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ HAL ൽ നിന്നും പ്രശസ്തി പത്രം SIFL ന് 2025 ൽ ലഭിച്ചു.<br><br>ഓയിൽ ആൻഡ് ഗ്യാസ് മേഖലയിലെ കയറ്റുമതി ഓർഡറുകളുടെ വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള അമേരിക്കൻ പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കേഷൻ (API 20C) 2023-24 ൽ SIFL ന് നേടാനായി. ഈ സെർട്ടിഫിക്കേഷൻ ഉള്ള കേരളത്തിലെ ഏക പൊതുമേഖലാ സ്ഥാപനമാണ് SIFL. |
| 3 | കിൻഫ്ര | രാജ്യത്തെ വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗവൺമെൻറ് ഓഫ് ഇന്ത്യ നടപ്പിലാക്കിയ പദ്ധതിയായ ഗവൺമെൻറ് ഓഫ് ഇന്ത്യ അംഗീകൃത ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റത്തിൽ കിൻഫ്രയുടെ 5 പാർക്കുകളാണ് മികവിൻറെ അടിസ്ഥാനത്തിൽ ദക്ഷിണ മേഖലയിൽ മുന്നിലെത്തിയത്.<br>1. കിൻഫ്ര ഹൈടെക് പാർക്ക്, കൊച്ചി,<br>2. കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്,<br>3. കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്ക്, കഴക്കൂട്ടം,<br>4. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, മഴവന്നൂർ,<br>5. കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട് എന്നീ പാർക്കുകളാണ് അവ.<br><br>ഇന്ത്യയിലെ വ്യവസായ പാർക്കുകളിലെ ശുചിത്വവും മാലിന്യ സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി FICCI സംഘടിപ്പിച്ച സ്വച്ച് ഇൻഡസ്ട്രി പാർക്ക് അവാർഡിന്റെ ഒന്നാം എഡിഷനിൽ കിൻഫ്രയുടെ പാലക്കാട് ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കും കളമശ്ശേരി ഹൈടെക് പാർക്കും പരിസ്ഥിതി സുസ്ഥിരതക്കും, ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിലും ജേതാക്കളായി.<br><br>സ്വച്ച് ഇൻഡസ്ട്രി പാർക്ക് അവാർഡിന്റെ രണ്ടാം എഡിഷനിൽ കിൻഫ്രയുടെ തിരുവനന്തപുരം കിൻഫ്ര ഇൻറർനാഷണൽ അപ്പാരൽ പാർക്കും |

| | | |
|---|---|---|
| | | കളമശ്ശേരി ഹൈടെക് പാർക്കും പരിസ്ഥിതി സുസ്ഥിരതക്കും, ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിലും ജേതാക്കളായി. |
| 4 | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | LVM 3 M4/Chandrayan 3 ദൗത്യത്തിലേക്കുള്ള സംഭാവനയ്ക്ക് കേരള സിഡ്കോയ്ക്ക് ISRO യുടെ അഭിനന്ദന പത്രം ലഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ